കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | | |
|---|---|---|
| NOVEMBER | 29 | 2022 |



ശബരിമല പത്രക്കുറിപ്പ് - 4

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

## ശബരിമല എഡിഎമ്മായി സബ്കളക്ടർ ചാർജെടുത്തു

ശബരിമല അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റായി വിഷ്ണുരാജ്. പി ചാർജെടുത്തു. 2019 ബാച്ച് ഐ.എ.എസ് ഓഫീസർ ആണ്. ഫോർട്ട് കൊച്ചി സബ് കളക്ടർ പദവിയിൽ നിന്നാണ് ശബരിമലയിലേക്ക് വരുന്നത്. തൃശ്ശൂർ സ്വദേശിയാണ്.ശബരിമല സന്നിധാനം, പമ്പ, നിലക്കൽ ബേസ് ക്യാമ്പ് എന്നീ പ്രദേശങ്ങൾ ശബരിമല എഡിഎമ്മിന്റെ അധികാര പരിധിയിൽ വരും. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട സുരക്ഷ, ക്രമസമാധാനം, അടിയന്തരഘട്ട ഇടപെടലുകൾ തുടങ്ങിയവ എഡിഎമ്മിന്റെ ഓഫീസ് മേൽനോട്ടം വഹിക്കും. എഡിഎമ്മിന്റെ കീഴിൽ ശബരിമല സന്നിധാനം, പമ്പ, നിലക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിൽ ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള ഡ്യൂട്ടി മജിസ്ട്രേറ്റുമാരും തഹസിൽദാർ റാങ്കിലുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരും നയിക്കുന്ന റവന്യൂ, ലീഗൽ മെട്രോളജി, സിവിൽ സപ്ലൈസ്, ആരോഗ്യം, ഭക്ഷ്യ സുരക്ഷ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ചേർന്ന സ്ക്വാഡുകളും, ഇവിടങ്ങളിലെ എമർജൻസി ഓപ്പറേഷൻ സെൻററുകളും, പോലീസ്, ഫയർ & റെസ്ക്യൂ, എക്സൈസ്, കെഎസ്ഇബി, പൊതുമരാമത്ത്, ട്രാൻസ്പോർട്ട് എന്നീ വകുപ്പുകളും പ്രവർത്തനങ്ങൾ ഏകോപിക്കും.

(പി.ആർ.ശബരി- 109)

## ഭക്തി പ്രഹർഷത്തിൽ സന്നിധാനം
# നാദവിസ്മയം തീർത്ത് ശിവമണി

ശബരി സന്നിധിയിൽ ഭക്തിയുടെ സംഗീത തിരയിളക്കി ഡ്രം മാന്ത്രികൻ ശിവമണി. സോപാന സംഗീതവും പാശ്ചാത്യ സംഗീതവും ശിവമണിയുടെ നാദവിസ്മയത്തിൽ സമന്വയിച്ചു. കൂട്ടിന് ഭക്തജന സാഗരവും.

ശംഖുവിളിയോടെ സന്നിധാനം ശ്രീ ശാസ്താ ഓഡിറ്റോറിയത്തിൽ ഇന്നലെ വൈകിട്ട് 10 മണിയോടെയാണ് സംഗീത വിരുന്ന് നടന്നത്. കഴിഞ്ഞ മൂന്നു വർഷത്തെ നിയന്ത്രണങ്ങൾക്ക് ശേഷം ഇതാദ്യമായാണ് ശിവമണി അയ്യപ്പ സന്നിധിയിൽ വീ ും തന്റെ മാന്ത്രിക സംഗീതം അവതരിപ്പിച്ചത്. കൂട്ടിന് മലയാളികളുടെ പ്രിയ ഗായകൻ വിവേക് ആനന്ദും കീ ബോർഡുമായി പ്രകാശ് ഉള്ളിയേരിയും സംഘവും നാദവിസ്മയത്തിൽ പങ്കുചേർന്നു.

നീ ഇടവേളക്കുശേഷം അയ്യപ്പനെ കാണാൻ സാധിച്ചതിൽ അതിയായ സന്തോഷമു ന്നും, എല്ലാവരും അയ്യനെ ക ് സന്തോഷത്തോടെ മലയിറങ്ങണമെന്നും ശിവമണി പറഞ്ഞു. 1984 മുതൽ തുടർച്ചയായി മണ്ഡലകാലത്ത് ശിവമണി ശബരിമല സന്ദർശനം നടത്തുന്നു.

(പി.ആർ.ശബരി- 110)

# സന്നിധാനത്തെ സംഗീത നിർഭരമാക്കി അമൃതവർഷിണി

ശബരിമലയിൽ സംഗീതത്തിന്റെ പെരുമഴ തീർത്ത് നെയ്യാറ്റിൻകര രാജീവ് ആദികേശവും സംഘവും. പുണ്യം തേടിയെത്തിയ ആയിരങ്ങൾക്ക് മുൻപിൽ വാതാപി ഗണപതിം ഭജേ ഹംസധ്വാനി രാഗത്തിൽ തുടങ്ങിയ സംഗീതാർച്ചന സന്നിധാനത്തെ ഭക്തിനിർഭരമാക്കി.

ശബരിമല മണ്ഡലകാല മഹോത്സവത്തോടനുബന്ധിച്ച് ചൊവ്വാഴ്ച സന്ധ്യക്ക് വലിയ നടപന്തൽ ഓഡിറ്റോറിയത്തിലാണ് അമൃതവർഷിണി സംഗീത സന്ധ്യ അരങ്ങേറിയത്. ശിവ പ്രകാശ് വയലിനും ഹരിപ്രസാദ് തബലയും രാധാകൃഷ്ണൻ മൃദംഗവും ശിവപ്രസാദ് പുല്ലാംകുഴലും വായിച്ചു. തുടർച്ചയായി പതിനഞ്ചാം വർഷമാണ് സംഘം സന്നിധാനത്ത് സംഗീതസന്ധ്യ അവതരിപ്പിക്കുന്നത്.

(പി.ആർ.ശബരി- 111)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.